(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം

221 (222) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം സ്റ്റേഷൻ രൂപവൽക്കരിക്കുമോ;

(ബി) ഏറ്റവും വലിയ സ്റ്റേഷനുകളിൽ ഒന്നാണ് പട്ടാമ്പി എന്നത് കണക്കിലെടുത്ത് അടിയന്തരമായി കൊപ്പം സ്റ്റേഷൻ യാഥാർത്ഥ്യമാക്കുമോ ?

ഉത്തരം

(എ & ബി) പുതുതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ. ആർഡിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരണം

222 (223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള സ്റ്റേറ്റ് പോലീസ് ചീഫ് (എസ്.പി.സി.) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എസ്. പി. സി. റിപ്പോർട്ട് ലഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് തസ്തിക സൃഷ്ടിക്കൽ ആവശ്യമാണോ ; എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കണം ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടില്ല. മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യമാണ്. താഴെപ്പറയുന്ന 41 തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്:

സബ്ബ് - ഇൻസ്പെക്ടർ	1
അസിസ്റ്റന്റ് സബ്ബ് - ഇൻസ്പെക്ടർ	2
എസ്.സി.പി.ഒ.	8
സി.പി.ഒ.	25
ഡബ്ള്യു.സി.പി.ഒ.	4
ഡ്രൈവർ പി.സി.	1

ഒളിക്യാമറ അനാശാസ്യ തട്ടിപ്പ്

223 (224) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിക്യാമറ അനാശ്യാസ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ പോലീസ് അറസ്റ്റ് ചെയ്തത് ഏത് തീയതിയിൽ ഏത് സമയത്ത് ഏത് സ്ഥലത്ത് വെച്ചായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പ്രതി ഒളിവിൽ കഴിഞ്ഞിരുന്ന സ്ഥലം എവിടെയായിരുന്നു ; പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രതിയുടെ താമസം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്മാർ, താമസിച്ച സ്ഥലത്തിന്റെ അധികാര കേന്ദ്രത്തിൽ അറിയിക്കുകയുണ്ടായിട്ടുണ്ടോ ; അനുമതിയോടുകൂടി പ്രസ്തുത സ്ഥലത്ത് നിന്നുതന്നെ അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം പ്രതി ഒളിവിൽ താമസിച്ച എല്ലാ സ്ഥലങ്ങളിലും കൊണ്ടുപോയി തെളിവുകൾ ശേഖരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഒളിക്യാമറ അനാശാസ്യ തട്ടിപ്പ് സംഘത്തിലെ പ്രതി ജയചന്ദ്രനെ തിരുവനന്തപുരം പാറശ്ശാല ഭാഗത്തുനിന്നും 24-7-2014-ാം തീയതി കൂട്ടിക്കൊണ്ടുവന്ന് എറണാകുളം റൗൺ നോർത്ത് സർക്കിൾ ഇൻസ്പെക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly